ദേശാഭിമാനി

28 November 2023

# സിഎംഎഫ്ആർഐ സ്റ്റാമ്പും തപാൽ കവറും പുറത്തിറക്കി

കൊച്ചി

എഴുപത്തഞ്ചാം വാർഷികാഘോഷത്തിന്റെ ഭാഗമായി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണസ്ഥാപനം (സിഎംഎഫ്ആർഐ) കോർപറേറ്റ് മൈ സ്റ്റാമ്പും പ്രത്യേക തപാൽ കവറും പുറത്തിറക്കി. സ്റ്റാമ്പും കവറും പോസ്റ്റ്മാസ്റ്റർ ജനറൽ സയീദ് റാഷിദ് സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. എ ഗോപാലകൃഷ്ണന് നൽകി പ്രകാശിപ്പിച്ചു.

പന്ത്രണ്ട് സ്റ്റാമ്പുകൾ വീതമടങ്ങുന്ന 5000 ഷീറ്റുകളാണ് പുറത്തിറക്കിയത്. 75 വർഷത്തെ ഗവേഷണമികവ് എന്ന് ആലേഖനം ചെയ്ത സ്റ്റാമ്പിൽ സിഎംഎഫ്ആർഐയുടെ ലോഗോയും കൊച്ചിയിലെ ഓഫീസ് സമുച്ചയത്തിന്റെ ചിത്രവുമാണുള്ളത്. 1947ൽ സ്ഥാപിതമായ സിഎംഎഫ്ആർഐ, സമുദ്ര മത്സ്യ, മാരികൾച്ചർ ഗവേഷണരംഗത്ത് ലോകത്തെ മുൻനിര സ്ഥാപനമാണ്. മണ്ഡപം, തൂത്തുക്കുടി, ചെന്നൈ, വിശാഖപട്ടണം, വെരാവൽ, മുംബൈ, കാർവാർ, മംഗലാപുരം, കോഴിക്കോട്, വിഴിഞ്ഞം, ദിഘ (ബംഗാൾ) എന്നിവിടങ്ങളിലായി 11 പ്രാദേശിക ഗവേഷണകേന്ദ്രങ്ങളുണ്ട്.




സിഎംഎഫ്ആർഐ പുറത്തിറക്കിയ കോർപറേറ്റ് മൈ സ്റ്റാമ്പുകളുമായി ഉദ്യോഗസ്ഥർ

പോസ്റ്റ് ഓഫീസ് സീനിയർ സൂപ്രണ്ട് പി കെ ശിവദാസൻ, സിഎംഎഫ്ആർഐ ചീഫ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ഹരീഷ് നായർ, കംപ്ട്രോളർ പ്രശാന്ത് കുമാർ, മാരികൾച്ചർ വിഭാഗം മേധാവി ഡോ. വി വി ആർ സുരേഷ്, ഡോ. പ്രതിഭ രോഹിത്, ഡോ. ബോബി ഇഗ്നേഷ്യസ്, ഡോ. രേഖ ജെ നായർ, ഡോ. ഗീത ശശികുമാർ, ഡോ. മിറിയം പോൾ ശ്രീറാം, ഡോ. എൽദോ വർഗീസ്, സി ജയകാന്തൻ എന്നിവർ സംസാരിച്ചു.